# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുംബഡാജെ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-6/926/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 04/12/2024
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുംബഡാജെ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കുംബഡാജെ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുംബഡാജെ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-6/926/2024 തീയ്യതി: 04/12/2024

## കാസർഗോഡ് ജില്ലയിലെ കുംബഡാജെ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കുംബഡാജെ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 02-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മണിലാൽ.വി | ഡെപ്യൂട്ടി ഡയറക്ടർ | 25-10-2024 | 02-11-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-10-2024 | 02-11-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ഗോപാലകൃഷ്ണ നായ്ക് പി, ഓഡിറ്റ് ഓഫീസർ

ശ്രീ.ജയാനന്ദ എച്ച്, ഓഡിറ്റ് ഓഫീസർ

ശ്രീ.ബാബു എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.കെ.സി.കുഞ്ഞികൃഷ്ണൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ജനാർദ്ദനൻ.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. ഹമീദ്.പി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ.കെ.ഹരീഷ് | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അഖിൽ ഷാബു | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീമതി.നിഖിത.ജെ | കൃഷി ഓഫീസർ | 01-04-2023 | 30-11-2023 |
| ശ്രീ.വിനീത് പി.വി | കൃഷി ഓഫീസർ | 01-12-2023 | 31-03-2024 |
| ശ്രീ.അബ്ദുള്ള.എ | വി.ഇ.ഒ - കുംബഡാജെ | 01-04-2023 | 30-07-2023 |
| ശ്രീ.ഹർഷാദ് വി.കെ | വി.ഇ.ഒ - കുംബഡാജെ | 31-07-2023 | 31-03-2024 |
| പ്രകാശ്.ബി.എം | പ്രധാനാധ്യാപകൻ | 01-04-2023 | 31-03-2024 |
| ശ്രീമതി.ശ്രീല.എൽ | വെറ്റിനറി സർജൻ | 01-04-2023 | 31-03-2024 |
| ഡോ.സയ്യദ് ഹമീദ് സുഹൈബ്.കെ.എസ് | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2023 | 31-03-2024 |
| ഡോ.ദീപ്തി.പി.ടി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2023 | 23-02-2024 |
| ഡോ.ശരീഫ ടി.കെ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 24-02-2024 | 31-03-2024 |
| ശ്രീമതി.വിനീത കുമാരി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീമതി.ഷംന.വി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | 31-03-2024 |

..

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-3 |
| 5 | ബി-4 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള ബാധ്യത ഇനങ്ങളുടെ തുക ബന്ധപ്പെട്ട അക്കൗണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ക്ലോസ് ചെയ്ത അക്കൗണ്ടിൽ തുക നിലനിൽക്കുന്നു. | 1-1-5 |
| 7 | അഡ്വാൻസ് ഇനത്തിൽ വർഷങ്ങളായി നിലനിൽക്കുന്ന തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. | 1-1-6 |
| 8 | B5 ലെയും B16 ലെയും തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ബി-9 ഷെഡ്യൂളിൽ നിലനിൽക്കുന്ന ബാധ്യത തുകകളുടെ വിശദാംശം ലഭ്യമാക്കിട്ടില്ല. | 1-1-8 |
| 10 | പാർട്ട് പേമെന്റ് തുക ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-9 |
| 11 | ലോണിനുള്ള ബാങ്ക് അക്കൗണ്ടിൽ ലഭിച്ച പലിശ വായ്പാ ബാദ്ധ്യതയായി രേഖപ്പെടുത്തി- | 1-1-10 |
| 12 | എൻ.ആർ.ഇ.ജി.എസ് - വരവ് ചെലവ് തുക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-11 |
| 13 | ബി-4 ഷെഡ്യൂളിൽ ബാധ്യതയായി നിലനിൽക്കുന്ന ചുവടെ പറയുന്ന തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. | 1-1-12 |
| 14 | സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല. | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഗ്രാന്റ് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 20 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 21 | ക്യാഷ് ബാലൻസ് | 1-8 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 23 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ - അവലോകന റിപ്പോർട്ട്. | 1-10 |
| 24 | രശീത് ബുക്കിലെ അപാകത | 1-11 |
| 25 | ലൈസൻസ് ഫീ-ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. | 1-12 |
| 26 | ഷോപ്പിങ്ങ് കോംപ്ലക്സ് വാടക കുടിശ്ശിക | 1-13 |
| 27 | മൊബൈൽ ടവറുകളുടെ വസ്തുനികുതി -കുടിശ്ശിക ഈടാക്കുന്നില്ല. | 1-14 |
| 28 | കറവപ്പശു വിതരണം (എസ്.ടി )- രേഖകൾ അപൂർണ്ണം | 1-15 |
| 29 | മച്ചാവ് എസ്.ടി കോളനിയിൽ ലൈൻ വലിച്ചതിന് സ്ട്രീറ്റ് ലൈറ്റ് വാങ്ങി സ്ഥാപിക്കൽ പദ്ധതി- രേഖകൾ ഹാജരാക്കിയില്ല. | 1-16 |
| 30 | വനിതകൾക്ക്കറവപ്പശു വിതരണം(ജനറൽ) - ചെലവ് രേഖകൾ മുഴുവനും ഹാജരാക്കിയില്ല. | 1-17 |
| 31 | മണ്ണാപ്പ് എസ്.സി കമ്മ്യൂണിറ്റി ഹാളിന് ഫർണ്ണീച്ചർ വാങ്ങൽ പദ്ധതി -രേഖകൾ ഹാജരാക്കിയില്ല. | 1-18 |
| 32 | തെങ്ങിൻ തൈ വിതരണം ( SC ) - ജാതി തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല. | 1-19 |
| 33 | എസ്.സി വനിതകൾക്ക് കറവ പശു വിതരണം(സ്പിൽഓവർ)- ചെലവ് രേഖകൾ അപൂർണ്ണം | 1-20 |
| 34 | ആയുഷ് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ - 75,000 രൂപയുടെ മരുന്ന് ലഭ്യമായില്ല. | 1-21 |
| 35 | വനിതകൾക്ക് കറവ പശു വിതരണം പദ്ധതി - മുഴുവൻ രേഖകളും ഹാജരാക്കിയില്ല. | 1-22 |

| | | |
|---|---|---|
| 36 | കൊറക്കാന കുടിവെള്ള പദ്ധതി - പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല. | 1-23 |
| 37 | ക്ലീൻ കേരളാ കമ്പനിക്ക് തുക നൽകൽ പദ്ധതി-അപാകതകൾ | 1-24 |
| 38 | എസ്.എസ്.കെ വിഹിതം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-25 |
| 39 | പത്താം തരം/ ഹയർ സെക്കന്ററി തുല്യത കോഴ്സ് ഫീസ് നൽകൽ പദ്ധതി -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-26 |
| 40 | ഭാഷാ സർട്ടിഫിക്കറ്റ് കോഴ്സ്-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-27 |
| 41 | പഞ്ചായത്തിന് വാഹനം വാങ്ങൽ - പഴയ വാഹനത്തിന്റെ ഡിസ്പോസൽ വിവരം ലഭ്യമാക്കിയില്ല. | 1-28 |
| 42 | ഭവന നിർമ്മാണം-തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിച്ചില്ല. | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-3 |
| 4 | വായ്പാ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട്, 1994-ലെ സെക്ഷൻ 215 (4) പ്രകാരം , കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 25/06/2024 ലെ 1/24 നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 25/06/2024 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുംബഡജെ ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുംബഡജെ ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്
04.12.2024

ഡെപ്യൂട്ടിഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

A) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 62 (ഇ) പ്രകാരം പ്രധാന അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ

ഉൾപ്പെടുന്ന അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ തയ്യാറാക്കി ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

B) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalance" ആയി രേഖപ്പെടുത്തിയ തുകയും (32,77,015/-) ഇതേ പത്രികയിൽ "Net Cash Generated By Operating+ Investing+Financing Activity" (A+B+C) ആയി രേഖപ്പെടുത്തിയിട്ടുള്ള തുകയും (16,04,491/-) തുല്യമല്ല. ആയതിനാൽ ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

**1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല**

26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി ആസ്തികളുടെ വിവരവും മൂല്യവും അക്കൗണ്ട് ചെയ്യേണ്ടതാണ്.

**1-1-4 ബി-4 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള ബാധ്യത ഇനങ്ങളുടെ തുക ബന്ധപ്പെട്ട അക്കൗണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.**

ബി-4 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന ബാധ്യത ഇനങ്ങളുടെ തുക ബന്ധപ്പെട്ട അക്കൗണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള തുക | ബി-17 ഷെഡ്യൂളിൽ അക്കൗണ്ട് നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ള തുക |
|---|---|---|
| MGNREG | 0 | 3,730 (Kerala Gramin Bank - 40413100006781) |
| CFC-Tied & Basic Tax | 37,21,494 | 38,26,521 (Kerala Gramin Bank - 40413101032370) |

മേൽ പ്രകാരം വ്യത്യാസം വരാനുണ്ടായ കാരണം വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.
ഓഡിറ്റ് എൻക്വയറി നം.23/01-11-2024

**1-1-5 ക്ലോസ് ചെയ്ത അക്കൗണ്ടിൽ തുക നിലനിൽക്കുന്നു.**

2023-24 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിൽ ചുവടെ പറയുന്ന ബാങ്ക് അക്കൗണ്ടിൽ മുന്നിരിപ്പ്, നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും റീക്കൺസിലിയേഷൻ തയ്യാറാക്കിയിട്ടില്ല.

| ബാങ്ക് | RP 40(a) പ്രകാരം മുന്നിരിപ്പ് | RP 40(B) പ്രകാരം നീക്കിയിരിപ്പ് |
|---|---|---|
| സബ് ട്രഷറി - കാസറഗോഡ് (720021400000023) | 2500 | 2500 |

മേൽ സൂചിപ്പിച്ച പ്രത്യേക സേവിംഗ്സ് ബാങ്ക് അക്കൗണ്ട് (720021400000023) ക്ലോസ് ചെയ്ത് പുതിയ അക്കൗണ്ട് (799013000000905) ആരംഭിച്ചിട്ടുണ്ട്. എന്നാൽ ക്ലോസ് ചെയ്ത അക്കൗണ്ടിൽ നിലവിലും തുക നിലനിൽക്കുന്നു.

**1-1-6 അഡ്വാൻസ് ഇനത്തിൽ വർഷങ്ങളായി നിലനിൽക്കുന്ന തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.**

ചുവടെ പറയുന്ന ഇനങ്ങൾക്കായി നൽകിയിട്ടുള്ളതും ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂളിൽ തൻവർഷം നിലനിൽക്കുന്നതുമായ തുകകളുടെ വിശദാംശം, അഡ്വാൻസ് രജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ഇനം | 2023-24 |
|---|---|
| ഫെസ്റ്റിവൽ അഡ്വാൻസ് (460100101) | 10,000 |
| ടൂർ ട്രാവൽ അഡ്വാൻസ് (460100105) | 9,500 |
| മറ്റ് അഡ്വാൻസുകൾ (460100199) | 1,30,000 |

2015-16 മുതൽ ഈ ഹെഡ്ഡുകളിൽ നിലനിൽക്കുന്ന തുകകൾ പരിശോധിച്ച്, അവ യഥാവിധം ക്രമീകരിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

**1-1-7 B5 ലെയും B16 ലെയും തുകകൾ പൊരുത്തപ്പെടുന്നില്ല**

ബാലൻസ് ഷീറ്റിലെ B-5 (Secured Loans) ലെയും B-16 (Pre-Paid Expenses) ലെയും തുകകൾ യഥാക്രമം 60,94,350/- രൂപയും 46,09,970/- രൂപയുമാണ്. ഇവ പൊരുത്തപ്പെടുന്നില്ല, തമ്മിൽ 14,84,380/- രൂപയുടെ വ്യത്യാസമുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

**1-1-8 ബി-9 ഷെഡ്യൂളിൽ നിലനിൽക്കുന്ന ബാധ്യത തുകകളുടെ വിശദാംശം ലഭ്യമാക്കിട്ടില്ല.**

ബി-9 ഷെഡ്യൂൾ- മറ്റ് ബാധ്യതകൾ- എന്ന ശീർഷകത്തിൽ ചുവടെ പറയുന്ന തുകകൾ നിലനിൽക്കുന്നു.

| ക്രമ നമ്പർ | ഇനം | നിലനിൽക്കുന്ന തുക | വിശദാംശം |
|---|---|---|---|
| 1 | 350200119 – Recoveries Payable-Covid | 440 | 2021-22 മുതൽ 440/- രൂപ നിലനിൽക്കുന്നു. |
| 2 | 350200202 - Recoveries Payable-Value Added Tax | 3,250/- | 2021-22 മുതൽ 3,250/- രൂപ നിലനിൽക്കുന്നു. |
| 3 | 350300103 - Government And Other Dues Payable-Value Added Tax | 4,265/- | 2021-22 മുതൽ 4,265/- രൂപ നിലനിൽക്കുന്നു. |
| 4 | 350800101 – Liability In Respect Of Stale Cheques | 43,057/- | 2021-22 മുതൽ 43,057/- രൂപ നിലനിൽക്കുന്നു. |

മേൽ തുകകൾ ഒടുക്കുവരുത്താതെ വർഷങ്ങളായി നിലനിൽക്കുന്നതിനുള്ള കാരണം വിശദമാക്കേണ്ടതാണ്.

**1-1-9 പാർട്ട് പേമെന്റ് തുക ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസിൽ ഉൾപ്പെടുത്തിയിട്ടില്ല.**

2023-24 സാമ്പത്തിക വർഷം ചുവടെ പറയും പ്രകാരം പാർട്ട് പേമെന്റായി നൽകിയ തുകകൾ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് (412010101) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | തുക |
|---|---|---|

| | | |
|---|---|---|
| 1 | 139 -പുത്രക്കള അംഗൻവാടി കുടിവെള്ള പദ്ധതി. | 66417 |
| 2 | 159-നിടുവണംബയൽ കിണർ പുണരുദ്ധരണം | 51693 |
| 3 | 114-സി.എച്ച് നഗർ അന്നടുക്ക മസ്ജിദ് റോഡ് പുണരുദ്ധരണം | 393969 |
| 4 | 89-ബെളിഞ്ച ആയുർവേദ ഡിസ്പെൻസറി പുണരുദ്ധരണം | 171521 |
| 5 | 109-അംഗൻവാടി മാവിനകട്ടെ റോഡ് ഓവുച്ചാൽ നിർമ്മാണം | 111391 |
| 6 | 238-പൊസോളിഗെ ഓൾഡ് മസ്ജിദ് കജെ എസ് സി കോളനി റോഡ് രണ്ടാം ഘട്ടം | 200,000 |
| ആകെ തുക | | 9,94,991/- |

മേൽ പാർട്ട് പേമെന്റ് തുകകൾ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസിൽ ഉൾപ്പെടാത്തതിന് കാരണം വ്യക്തമാക്കിയിട്ടില്ല.

**1-1-10 ലോണിനുള്ള ബാങ്ക് അക്കൗണ്ടിൽ ലഭിച്ച പലിശ വായ്പാ ബാദ്ധ്യതയായി രേഖപ്പെടുത്തി-**

ലൈഫ് ഭവനപദ്ധതിയിലെ വായ്പാ തുക കൈകാര്യം ചെയ്യുന്നതിനുള്ള ബാങ്ക് അക്കൗണ്ടിൽ (KGB- 1199) 2023-24 വർഷം ലഭിച്ച പലിശ 4,526 രൂപ പലിശവരുമാനമായി രേഖപ്പെടുത്താതെ വായ്പാ ബാദ്ധ്യതയായി രേഖപ്പെടുത്തിയതിനാൽ വായ്പാ ബാദ്ധ്യതയുടെ നീക്കിയിരിപ്പിൽ 4,526 രൂപ അധികമായി കാണുന്നു.

**1-1-11 എൻ.ആർ.ഇ.ജി.എസ് - വരവ് ചെലവ് തുക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.**

എൻ.ആർ.ഇ.ജി.എസ്.ൽ 2023-24 സാമ്പത്തിക വർഷത്തെ ആകെ വരവുചെലവ് ചുവടെ പറയും പ്രകാരം ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.(A/C-40413101053300)

| ഇനം | ക്യാഷ് ബുക്ക് പ്രകാരമുള്ള തുക | ധനകാര്യ പത്രിക ഐ-6 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| വിദഗ്ധ തൊഴിലാളികളുടെ വേതനം | 4,37,801 | |
| അവിദഗ്ധ തൊഴിലാളികളുടെ വേതനം | 2,52,73,535 | |
| മെറ്റീരിയൽ ചെലവ് | 76,58,683 | |
| ഭരണ ചെലവ് | 17,22,691 | |
| ആകെ ചെലവ് | 3,50,92,710/- | 17,22,691/- |

മേൽ പ്രകാരം ധനകാര്യപത്രികയിൽ 3,33,70,019/- രൂപ (3,50,92,710/--17,22,691/-) കുറവായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-1-12 ബി-4 ഷെഡ്യൂളിൽ ബാധ്യതയായി നിലനിൽക്കുന്ന ചുവടെ പറയുന്ന തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.**

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | 320100999 – Other Liabilities | 12,496/- |
| 2 | 320300199 -Grants, Funds & Contributions For Specific Purposes - Other Government Agencies | 10,57,344/- |
| 3 | 320700204 Contributions For Joint Venture Projects (For Revenue Expenditure) – From Block Panchayats | 724,564.00 |

| | | |
|---|---|---|
| 4 | 320700205 Contributions For Joint Venture Projects (For Revenue Expenditure) – From District Panchayats | 168,940.00 |
| 5 | 320700304 Contributions For Other Specific Purposes (For Capital Expenditure)- From Block Panchayats | 800,000.00 |
| 6 | 320700404 Contributions For Other Specific Purposes (For Revenue Expenditure)- From Block Panchayats | 1,083.00 |
| 7 | 320700405 Contributions For Other Specific Purposes (For Revenue Expenditure)- From<br>District Panchayats | 150,000.00 |

**1-1-13 സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല.**

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന ഇനങ്ങളുടെ പ്രതിമാസം ഡിമാന്റ് എൻട്രി ചെയ്തിട്ടില്ല. 2023-24 വർഷാവസാനം മാത്രമാണ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നമ്പർ / തീയതി |
|---|---|---|
| 110100101 | PropertyTax On- Residential Buildings | 42300994/31.03.2024 |
| 110100102 | PropertyTax On Non Residential | 42300995/31.03.2024 |
| 110200101 | ProfessionTax - Institutions | 42300996/31.03.2024 |
| 110200105 | Profession Tax - Traders | 42300997/31.03.2024 |

**1-2 ബജറ്റ്**

2023-24 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 02/1 തിയ്യതി.27.03.2023 | 01/01 തിയ്യതി.14.02.2024 |
| മുന്നിരിപ്പ് | 11,18,986 | 6,02,131 |
| വരവ് | 13,38,66,000 | 17,26,76,410 |
| ആകെ | 13,49,84,986 | 17,32,78,541 |
| ചെലവ് | 13,43,37,740 | 17,25,84,610 |
| നീക്കിയിരിപ്പ് | 6,47,246 | 6,93,931 |

**1-3 സാമ്പത്തിക വിശകലനം**

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2023-24 |
|---|---|
| മുന്നിരിപ്പ് | 79,61,286 |
| വരവ് | 2,85,45,123 |

| | |
|---|---|
| ആകെ | 3,65,06,409 |
| ചെലവ് | 2,52,68,108 |
| നീക്കിയിരിപ്പ് | 1,12,38,301 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 0 | 1,19,79,000 | 1,19,79,000 | 1,08,17,584 | | 11,61,416 |
| വികസനഫണ്ട് എസ്.സി.എസ്.പി. | | 0 | 48,16,000 | 48,16,000 | 26,47,224 | | 21,68,776 |
| വികസനഫണ്ട് ടി.എസ്.പി. | | 0 | 13,96,000 | 13,96,000 | 8,35,768 | | 5,60,232 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് (Untied) | ബാങ്ക് | 7,06,076 | 20,96,757 | 28,02,833 | 12,94,199 | 15,08,634 | |
| | ട്രഷറി | 0 | 0 | 0 | 0 | 0 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied ) | ബാങ്ക് | 29,33,684 | 14,87,500 | 44,21,184 | 22,08,324 | 22,12,860 | |
| | ട്രഷറി | 0 | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | | 0 | 62,43,350 | 62,43,350 | 46,90,546 | | 15,52,804 |
| മെയിന്റനൻസ് ഫണ്ട് - നോൺറോഡ് | | 0 | 36,26,600 | 36,26,600 | 35,92,704 | | 33,896 |
| വിവിധ പെൻഷനുകൾ | | | 0 | 2,04,20,100 | 2,04,20,100 | 2,04,20,100 | 0 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | | | 0 | 0 | 0 | 0 | 0 |
| സംയുക്ത പദ്ധതി (ബ്ലോക്ക്പഞ്ചായത്ത്) | | 15,25,647 | 10,70,000 | 25,95,647 | 10,70,000 | 15,25,647 | |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് ) | | 7,90,320 | 10,34,269 | 18,24,589 | 10,34,269 | 7,90,320 | |
| **കേന്ദ്രാവിഷ്കൃത പദ്ധതികൾ** | | | | | | | |
| തൊഴിലുറപ്പ് പദ്ധതി | | 3745 | 17,22,676 | 17,26,421 | 17,22,691 | 3730 | |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | | 19,52,021 | 15,95,537 | 35,47,558 | 16,98,632 | 18,48,926 | |
| ടോട്ടൽ സാനിറ്റേഷൻ | | 22,000 | 0 | 22,000 | 0 | 22,000 | |
| 320100202 ഹെൽത്ത് ഗ്രാന്റ് | | 2,59,988 | 707427 | 9,67,415 | 6,30,958 | 3,36,457 | |
| 320100204 ഹെൽത്ത് ഗ്രാന്റ് | | 0 | 3,84,792 | 3,84,792 | 85,079 | 2,99,713 | |
| NPRPD | | 1,00,000 | 0 | 1,00,000 | 0 | 1,00,000 | |
| SSA | | 1242 | 36 | 1278 | 0 | 1278 | |
| **സംസ്ഥാനാവിഷ്കൃത പദ്ധതി** | | | | | | | |
| ശുചിത്വ മിഷൻ | | 75,93,806 | 0 | 75,93,806 | 0 | 75,93,806 | |
| 320300199- മറ്റു സർക്കാർ ഏജൻസികളിൽ നിന്നുള്ള ഗ്രാന്റ് (വിവരം ലഭ്യമല്ല) | | 1250,000 | 14,31,062 | 26,81,062 | 16,23,718 | 10,57,344 | |
| മറ്റുള്ളവ | | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ഗുണഭോക്തൃ വിഹിതം | 46,500 | 8,14,231 | 8,60,731 | 6,61,902 | 1,98,829 | |

1) വികസനഫണ്ട്-ജനറൽ - സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്റ്റിനായി കുറവ് ചെയ്ത തുകയായ 14,95,398/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

2) വികസനഫണ്ട്-എസ്.സി.പി- സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്റ്റിനായി കുറവ് ചെയ്ത തുകയായ 5,25,461/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

3) വികസനഫണ്ട്-ടി.എസ്.പി- സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്റ്റിനായി കുറവ് ചെയ്ത തുകയായ 3,37,662/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.
4) മെയിന്റനൻസ് ഫണ്ട് - റോഡ് നിന്നും 9,51,636/- രൂപ Q Bill ആയിട്ടുണ്ട്.

5) ജനറൽ പർപ്പസ് ഫണ്ടിനത്തിൽ തൻവർഷം 67,89,600 രൂപ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ആയത് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. .

6) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവ് മാത്രമാണ് മേൽ കണക്കിൽ പെടുത്തിയിട്ടുള്ളത്. അതു കൂടാതെ 3,33,70,019 രൂപ വേതനമിനത്തിലും സാമഗ്രികളുടെ വിലയിനത്തിലും തൊഴിലാളികളുടെയും സപ്ലൈയർമാരുടെയും അക്കൗണ്ടുകളിലേക്ക് നേരിട്ട് നൽകിയിട്ടുണ്ട്.

**7) ഫണ്ടുകളുടെ വിനിയോഗം**

വികസന ഫണ്ട് പൊതു വിഭാഗം ഇനത്തിലെ ചെലവ് 90% ചെലവഴിച്ചിട്ടുണ്ട്.. എസ്.സി.പി യിലും ടി.എസ്.പിയിലും ചെലവ് യഥാക്രമം 55%, 60% മാത്രമാണ്. റോഡ് മെയിന്റനൻസ് ഫണ്ടിലെ ചെലവ് വളരെ തുച്ഛമാണ്. 75% മാത്രമേ ഇ ഫണ്ടിൽ നിന്നും ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. ഈ ഫണ്ടിൽ നിന്നും 15,52,804 രൂപ പഞ്ചായത്ത് വിനിയോഗിക്കാതെ നഷ്ടപ്പെടുത്തി. നോൺറോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്നും 99% ചെലവഴിച്ചിട്ടുണ്ട്. മേൽ വിവരിച്ച എല്ലാ ഫണ്ടുകളിൽ നിന്നുമായി 54,77,124 രൂപ തൻവർഷം ലാപ്സായി എന്നത് കാര്യക്ഷമമല്ലാത്ത പദ്ധതി ആസൂത്രണ നിർവഹണ പ്രവർത്തനങ്ങളുടെ സൂചകങ്ങളാണ്. ഈ വിഷയം പഞ്ചായത്ത് ഗൗരവകരമായി ചർച്ച ചെയ്ത് തിരുത്തൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

**ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .**

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 226 | 8,14,64,858 | 156 | 3,57,67,059 | - | 70 | 69.02 |

**നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം**

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം2022-23വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2022-23വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 58 | 10628283 + 863123 | 24 | 6360412 + 2417600 | 76.38 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 91 | 27501435 | 56 | 9635139 | 35.03 |
| 3 | കൃഷി ഓഫീസർ | 7 | 2651561 | 7 | 2630626 | 99.21 |
| 4 | വെറ്റിനറി സർജ്ജൻ | 11 | 3232161 | 10 | 1906015 | 58.97 |

| | | | | | | |
|---|---|---|---|---|---|---|
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- | 18 | 27807161 | 10 | 5691352 | 20.46 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13 | 4323129 | 12 | 3607763 | 83.45 |
| 7 | പ്രധാനധ്യാപകൻ | 11 | 1255440 | 11 | 1066938 | 84.98 |
| 8 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 10000 | 1 | 100000 | 100 |
| 9 | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 15 | 2752565 | 14 | 2018287 | 73.12 |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 350000 | 1 | 332927 | 95.12 |
| | **ആകെ** | **226** | **81464858** | **156** | **35767059** | **43.90** |

കുറിപ്പ്: 1) വികസനഫണ്ട് സ്രോതസ്സിൽ നിന്നും കുറവ് വരുത്തിയ 23,58,521 രൂപ സുലേഖ ചെലവ് പത്രികയിൽ അടങ്കലിലെ വരവിൽ ഉൾപ്പെട്ടിരുന്നില്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 3745 | 1722676 | 1726421 | 1722691 | 3730 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (മെറ്റീരിയൽ കോസ്റ്റ് ഉൾപ്പടെ) | 0 | 33370019 | 33370019 | 33370019 | 0 |
| ആകെ | 3745 | 35092695 | 35096440 | 35092710 | 3730 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2023-24 വർഷം 1494 പദ്ധതികളുൾപ്പെടുന്ന 23,44,39,600/- രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 3,33,70,019 രൂപയുടെ 152 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് തൻവർഷം വിവിധ പദ്ധതികളിലായി ആകെ 75905 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 443 കുടുംബങ്ങളുണ്ട്. (കൂടാതെ 100 ദിനം തൊഴിൽ എടുത്തവർക്കുള്ള ഇൻസെന്റീവ് ഇനത്തിൽ സംസ്ഥാന സർക്കാർ അനുവദിച്ച 4,43,000/- രൂപയും തൻവർഷം വിനിയോഗിച്ചിട്ടുണ്ട്.)

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 779600 | 498 |
| വിധവാപെൻഷൻ | 6858800 | 5144 |
| വാർദ്ധക്യകാലപെൻഷൻ | 10191800 | 7267 |
| വികലാംഗപെൻഷൻ | 2369100 | 1510 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 220800 | 138 |

## 1-8 ക്യാഷ് ബാലൻസ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന 25.10.2024 തീയതിയിൽ 03.00 P.M ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 1,633/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ഉൾപ്പെടുത്തുന്നു.

1) ഓഫീസ് മീറ്റിംഗ് - ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ച് ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. ഓഡിറ്റ് വർഷം 10 തവണ ഓഫീസ് മീറ്റിംഗ് ചേർന്നിട്ടുണ്ട്. 2023-24 വർഷം 20.09.2023 മുതൽ 07.03.2024 വരെയുള്ള കാലയളവിൽ ചേർന്ന യോഗങ്ങളുടെ മിനിട്സിൽ തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നതിനോടൊപ്പം യോഗ തീരുമാനങ്ങൾ രേഖപ്പെടുത്തി മിനിട്സ് ബുക്ക് ക്ലോസ് ചെയ്യുവാനും ഉത്തരവാദപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

2) പൂർണമായും ഐ.എൽ.ജി.എം.എസ് സംവിധാനത്തിലാണ് ഫയൽ നീക്കങ്ങൾ നടക്കുന്നത്. ഫയൽ നീക്കങ്ങളിലുള്ള മോണിറ്ററിംഗിലും സമയബന്ധിതമായി സേവനം നൽകുന്നതിലും പുരോഗതി ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും 01.11.2024 ലെ സ്ഥിതിയനുസരിച്ച് 16 ഫയലുകൾ പെന്റിംഗ് ആയും 284 ഫയലുകൾ കാലതാമസം വന്നവ എന്ന കണക്കിലും ഉണ്ട്. ഫയലുകളിൽ കാലതാമസം വരുന്ന സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതാണ്. ആകെ 562 ഫയലുകളിൽ തുടർനടപടികൾ എടുക്കാൻ ബാക്കിയുണ്ട്. 180 ഫയലുകൾ പാർക്ക് ചെയ്തിട്ടുമുണ്ട്. തുടർ നടപടികൾ എടുക്കാൻ ബാക്കിയുള്ള ഫയലുകളിലും പാർക്ക് ചെയ്ത ഫയലുകളിലും അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

3) അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകളിൽ വരവുവെക്കുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ചു വരുന്നത്. ഫീൽഡ് പിരിവു മുഖേന സ്വീകരിക്കുന്ന തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യപത്രിക പരിശോധനയിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടത് ഈ റിപ്പോർട്ടിൽ പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്.

4) (എ) പഞ്ചായത്ത് കമ്മിറ്റി - പഞ്ചായത്ത് കമ്മിറ്റി 2023-24 ൽ 20 യോഗങ്ങൾ ചേർന്നിട്ടുണ്ട്. 15 സാധാരണ യോഗങ്ങളും 5 അടിയന്തിര/പ്രത്യേക യോഗങ്ങളുമാണ് ചേർന്നത്. യോഗങ്ങളുടെ മിനിട്സുകൾ സകർമ സോഫ്റ്റ് വെയറിലാണ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകൾ ചട്ടപ്രകാരം നടത്തുന്നതിൽ ശ്രദ്ധിച്ചിട്ടുണ്ട്. മീറ്റിംഗുകളിൽ വിവിധ വിഷയങ്ങളിലുള്ള ചർച്ചകൾ നടക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച അവലോകനങ്ങൾ ഒരോ തുടർയോഗങ്ങളിലും നടത്തേണ്ടതാണ്.

ബി) ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി

ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി 2023-24 ൽ 14 തവണ യോഗം ചേർന്നിട്ടുണ്ട്. യോഗങ്ങളിൽ വരവു ചെലവു കണക്കുകൾ അംഗീകരിച്ചിട്ടുണ്ട്. വൗച്ചറുകൾ പരിശോധിച്ച് അംഗീകരിക്കൽ, ബില്ലുകൾ അംഗീകരിക്കൽ, വസ്തു നികുതി പരിഷ്കരണം, 2023-24 വർഷത്തെ പദ്ധതികൾ ഭേദഗതി ചെയ്യുന്നതിനെകുറിച്ചും, കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കുന്നതിനെകുറിച്ചും, പൊളിച്ച് നീക്കിയ കെട്ടിടങ്ങളുടെ വസ്തു നികുതി ഒഴിവാക്കുന്നതിനെകുറിച്ചും, 2023-24 നികുതി - നികുതിയേതര വരുമാനങ്ങൾ വരവിനെകുറിച്ചും, ജീവനക്കാരുടെ ഔദ്യോഗിക യാത്രകൾ, ഹരിതകർമ്മസേന പ്രവർത്തനങ്ങൾ തനത് ഫണ്ട് നീക്കിയിരിപ്പിനെ കുറിച്ചും യോഗങ്ങളിൽ ചർച്ച ചെയ്തിട്ടുണ്ട്. തനതു വരുമാന വർദ്ധനവിന് ഉതകുന്ന രീതിയിൽ നികുതി നിർദ്ദേശങ്ങളോ പുതിയ നികുതി മേഖലകളോ യോഗങ്ങളിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടില്ല.

സി) വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2023-24ൽ 9 തവണയാണ് യോഗം ചേർന്നത്. യോഗങ്ങളുടെ മിനിട്സ് കൃത്യമായി എഴുതിയിട്ടുണ്ട്. പുതിയ പ്രോജക്ട് നിർദേശങ്ങളും പ്രോജക്ട് ഭേദഗതി ചെയ്യുന്ന പദ്ധതികളെകുറിച്ചും, പൂർത്തീകരിക്കാത്ത പ്രോജക്ടുകൾ സ്പിൽ ഓവറായി നടപ്പിലാക്കുന്നതിനെകുറിച്ചും, ട്രഷറി ക്യൂബിൽ ചെലവ് ശതമാനം കുറയാൻ കാരണമായതിനെകുറിച്ചും, ഗുണഭോക്തൃ അപേക്ഷകൾ സ്ഥീകരിച്ച് ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ, അതിദരിദ്ര കുടുംബങ്ങളുടെ യൂസർഫീ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനെകുറിച്ചും, ഒഴിവാക്കുന്ന പദ്ധതികളെ കുറിച്ചുള്ള ചർച്ചകളും യോഗങ്ങളിൽ നടന്നിട്ടുണ്ട്.

ഡി) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2023-24 ൽ 13 തവണയാണ് യോഗം ചേർന്നത്. യോഗങ്ങളുടെ മിനിട്സ് കൃത്യമായി എഴുതിയിട്ടുണ്ട്. വാർദ്ധക്യകാല പെൻഷൻ അംഗീകരിക്കുന്നത്, വികലാംഗ പെൻഷൻ അപേക്ഷ അംഗീകരിക്കുന്നത്, വിധവ പെൻഷൻ അംഗീകരിക്കുന്നത്, കർഷക തൊഴിലാളി പെൻഷൻ അപേക്ഷ അംഗീകരിക്കുന്നത്, സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം അപേക്ഷ അംഗീകരിക്കുന്നത്, പെൻഷൻ അപേക്ഷകൾ ലഭിച്ചത്, അവയിന്മേലുള്ള തീരുമാനം, നിരസിച്ച പെൻഷൻ അപേക്ഷകൾ, നിരസിക്കാനുള്ള കാരണങ്ങൾ, അംഗീകരിച്ച പെൻഷൻ അപേക്ഷകൾ എന്നിങ്ങനെ മിനുട്ട്സ് വിശദവും വ്യക്തവുമായി എഴുതിയിട്ടുണ്ട്. വയോജന ക്ഷേമം, ജാഗ്രത സമിതി, പഞ്ചായത്ത് തല ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നത് എന്നിങ്ങനെയുള്ള തീരുമാനങ്ങൾ കമ്മിറ്റി എടുത്തിട്ടുണ്ട്.

ഇ) ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി 2023-24ൽ 6 തവണയാണ് യോഗം ചേർന്നത്. യോഗങ്ങളുടെ മിനിട്സ് കൃത്യമായി എഴുതിയിട്ടുണ്ട്. യോഗങ്ങളിൽ സ്പിൽ ഓവർ പ്രോജക്ടുകൾ അംഗീകരിക്കൽ, മഴക്കാല പൂർവ്വ ശുചീകരണ പരിപാടി, പ്ലാസ്റ്റിക് നിരോധനം, ഡെങ്കിപ്പനി പ്രതിരോധ പ്രവർത്തനം, പാലിയേറ്റീവ് കെയർ പദ്ധതി, ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ, യൂസർഫീ ശേഖരണം, മാലിന്യ നിർമ്മാർജ്ജനം, പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ, വിദ്യാഭ്യാസ സ്ഥപനങ്ങളുടെ അടിസ്ഥാനസൗകര്യ പ്രശ്നങ്ങൾ, വാർഡ് തല ബോധവൽക്കരണം തുടങ്ങി ആരോഗ്യത്തെയും വിദ്യാഭ്യാസത്തെയും കുറിച്ചുള്ള പലവിധ വിഷയങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്.

5) പ്രൊക്യൂർമെന്റ് കമ്മിറ്റി ഓഡിറ്റ് വർഷം 29.11.2023, 31.01.2024 തീയ്യതികളിൽ യോഗം ചേർന്നിട്ടുണ്ട്. പഞ്ചായത്ത് സെക്രട്ടറി, നിർവഹണ ഉദ്യോഗസ്ഥർ എന്നിവർ പ്രോജക്ട് നിർവഹണത്തിന്റെ ഭാഗമായി നടത്തിയ വാങ്ങലുകളിൽ കമ്മിറ്റി ഇടപെട്ടിട്ടുണ്ട്.

6) ഗ്രാമ പഞ്ചായത്ത് പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും, നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി നിർണ്ണയിക്കാൻ/പുനർനിർണ്ണയിക്കാൻ നടപടികൾ സ്വീകരിച്ചാൽ തനത് നികുതി വരുമാന വർദ്ധനവിന് സഹായകരമായിരിക്കും.

7) പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ അപ്ഡേഷനുകൾ വരുത്തിയിട്ടുണ്ടെങ്കിലും സമ്പൂർണ്ണവും കുറ്റമറ്റതുമായ ഡിജിറ്റൽ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിൽ പൂർണ്ണതയിൽ എത്താൻ സാധിച്ചിട്ടില്ല.

8) സ്ഥിരം തനത് വരുമാനങ്ങൾക്കുപരിയായി, തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ വരുമാന മാർഗ്ഗങ്ങളൊന്നും കണ്ടെത്തുവാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

9) അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

10) 1999-2000 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിനും അവ തീർപ്പാക്കുന്നതിനും ഗ്രാമ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**1-10 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ - അവലോകന റിപ്പോർട്ട്.**

15.07.2017 ൽ തദ്ദേശ സ്വയംഭരണ വകുപ്പ് കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും ഒരു ഹരിത കർമ്മസേന രൂപീകരിക്കണമെന്ന് നിഷ്കർഷിച്ച് കൊണ്ട് നം.2420-ാം ആയി ഉത്തരവ് പുറപ്പെടുവിച്ചു. ഇത് അടിസ്ഥാനമാക്കി 2019 മുതൽ കുമ്പഡാജെ ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മസേന പ്രവർത്തനം ആരംഭിച്ചു. പക്ഷെ 2024 വർഷമായിട്ടും ഹരിതകർമ്മസേന ശൈശവാവസ്ഥയിൽ തന്നെ നിൽക്കുന്നു എന്നാണ് ഇത് സംബന്ധമായ ഈ അവലോകനത്തിൽ ആമുഖമായി പറയാനുള്ളത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണം സംബന്ധിച്ച് സംസ്ഥാന സർക്കാർ 22.07.2017 ൽ സ.ഉ. (സാധാ) 2511/2017 തസ്വഭവ പ്രകാരം പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലും, പഞ്ചായത്ത് രാജ് വകുപ്പ് 219 എ മുതൽ എക്സ് വരെയും, സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലുമാണ് ഗ്രാമപഞ്ചായത്തുകളിൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനം സജീവമാകുന്നതും പ്രസക്തമാകുന്നതും. ഹരിത കർമ്മസേനയുടെ വിശദമായ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ചു കൊണ്ട് 12.08.2020ലെ സ.ഉ(സാധാ) നം. 1496/2020/തസ്വഭവ നമ്പരായി സർക്കാർ തുടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 12.08.2020-ലെ സ.ഉ(സാ.ധാ) നം.1497/2020 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ പദവി നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചു. ഹരിത കർമ്മസേന രൂപീകരണം, ഹരിതസേനാംഗങ്ങളുടെ തെരഞ്ഞെടുപ്പ്, പരിശീലനം, മാലിന്യ ശേഖരണം, സംഘടനാ സംവിധാനം, സംരംഭ പ്രവർത്തനം, കൺസോർഷ്യം രൂപീകരണം, സാമ്പത്തിക സ്രോതസ്സ്, അക്കൗണ്ടുകൾ/യൂസർഫീ കൈകാര്യം ചെയ്യുന്ന രീതി, കോർപ്പസ് ഫണ്ട്, മറ്റു വരുമാന മാർഗ്ഗങ്ങൾ, ഓഫീസ് സംവിധാനം, കണക്കെഴുത്ത്, ഓഡിറ്റ്, തൊഴിൽ മാന്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ, പരാതി പരിഹാരം, ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ചുമതലകൾ എന്നിവയെക്കുറിച്ചെല്ലാം പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

മേൽ ഖണ്ഡികയിൽ പ്രതിപാദിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കുമ്പഡാജെ ഗ്രാമപഞ്ചായത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെയും ഗ്രാമപഞ്ചായത്തിലെ അജൈവമാലിന്യ സംസ്കരണ സംവിധാനത്തെയും സംബന്ധിച്ച് 2023-24 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിക്കുകയുണ്ടായി. പരിശോധനാഫലമായുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

സംഘാടനം

ഗ്രാമപഞ്ചായത്തിൽ ആകെ 13 വാർഡുകളാണുള്ളത്. ഓരോ വാർഡിൽ നിന്നും 2 വീതം അംഗങ്ങളെ തെരെഞ്ഞെടുത്താണ് സേനയെ ഉണ്ടാക്കേണ്ടത്. അതു പ്രകാരം ഇവിടെ 26 അംഗങ്ങളാണ് നിലവിൽ സേനയിൽ ഉള്ളത്. ഗ്രാമപഞ്ചായത്തിലെ അജൈവമാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾക്കും വിവിധതരം മാലിന്യ നിർമ്മാർജ്ജനോപാധികൾ പൊതുസമൂഹത്തിന് പരിചയപ്പെടുത്തുന്നതിനും പൊതുജനത്തെ ഉറവിട മാലിന്യ സംസ്കരണത്തിനും പ്രാപ്തരാക്കുവാൻ തക്ക വിധത്തിൽ പരിശീലനങ്ങൾ നല്കിയുമാണ് ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയെ വാർത്തെടുക്കേണ്ടത്. കുമ്പഡാജെ ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന് അതിന്റെ ഘടന സൂചിപ്പിക്കുന്നുണ്ട്. ഹരിതകർമ്മ സേനാംഗങ്ങളെ ഏകോപിപ്പിക്കുന്നതിനായി കൺസോർഷ്യം രൂപീകരിക്കുകയും 8 പേരടങ്ങുന്ന ഒരു എക്സിക്യൂട്ടീവ് കമ്മറ്റിയും അതിൽ നിന്ന് പ്രസിഡന്റ്, സെക്രട്ടറി എന്നീ ഭാരവാഹികളെ തിരഞ്ഞെടുത്തുമാണ് പ്രവർത്തിക്കുന്നത്. അജൈവമാലിന്യം ശേഖരിക്കുന്നതിന് സ്ഥാപനങ്ങളിൽ നിന്ന് 100 രൂപ നിരക്കിലും ഭവനങ്ങളിൽ നിന്നും 50 രൂപ നിരക്കിലും ഫീസായി ഈടാക്കിയാണ് ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന പ്രവർത്തിക്കേണ്ടത്. പക്ഷെ ഇവിടെ യൂസർ ഫീ പിരിവ് ഊർജ്ജിതമല്ല. പ്രത്യേകമായി യൂണിഫോമും ഐ.ഡികാർഡും ഉണ്ട്.

**രേഖകൾ**

ഹരിതകർമ്മസേനയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്ന ഓഫീസ് സംവിധാനത്തിൽ ക്യാഷ് ബുക്ക്, മിനിട്സ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ, യൂസർ ഫീ രജിസ്റ്റർ, രസീപ്റ്റ് ബുക്ക്, അംഗത്വരജിസ്റ്റർ എന്നിവ

സൂക്ഷിച്ച് വരുന്നു. യൂസർ ഫീ ഡിമാന്റ് രജിസ്റ്റർ, ആക്ടിവിറ്റി രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.

2021-22 വർഷം മുതൽ മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദവിവരം താഴെ ചേർക്കുന്നു.

**2021-22 വർഷം**

| പ്രോജക്റ്റ് നം. | പേര് | അടങ്കൽ | ചെലവ് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 51 | ഹരിതകർമ്മസേന വയബലിറ്റി ഗ്യാപ് ഫണ്ട് | 244127 | 221000 | VEO |
| 94 | കുമ്പഡാജെ പഞ്ചായത്തിലെ അംഗൻവാടികളിൽ പുതിയ ശിശു സൗഹൃത ടോയിലറ്റും നിലവിലുള്ള അംഗൻവാടിവാടി ടോയിലറ്റ് നവീകരണവും | 981500 | 759952 | AE |
| 121 | വ്യക്തിഗത ഗാർഹിക കക്കൂസ് റിട്രോഫിറ്റിങ് | 1110000 | 995000 | VEO |
| 123 | കുമ്പഡാജെ പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിനുള്ളിൽ ശൗചാലയകെട്ടിടം നിർമ്മാണം | 349185 | 272098 | AE |
| 126 | കുമ്പഡാജെ ജിജെബിഎസ് സ്കൂളിൽ ഗേൾസ് ഫ്രണ്ടിലി ടോയിലറ്റ് | 300000 | 272098 | AE |
| 128 | ഏത്തടുക്ക സ്കൂളിന് ഗേൾസ് ഫ്രണ്ടിലി ടോയിലറ്റ് | 100000 | 92633 | AE |
| 130 | മവ്വാർ സ്കൂളിന് ഗേൾസ് ഫ്രണ്ടിലി ടോയിലറ്റ് | 200000 | 196072 | AE |
| 135 | പഞ്ചായത്ത് കോമ്പൗണ്ടിനകത്തുള്ള പഴയ ശൗചാലയത്തിന് ഷീറ്റിടൽ | 80000 | 35756 | AE |
| 136 | എംസിഎഫ് കെട്ടിട നിർമ്മാണം | 1000000 | 750533 | AE |
| 137 | ബെളിഞ്ച സ്കൂളിൽ ശൗചാലയം | 200000 | 176889 | AE |
| 161 | അംഗൻവാടി ചുവരുകളിൽ ശുചിത്വം സംബന്ധിച്ച ചുമരെഴുത്ത് | 84836 | 84035 | ICDS SUP. |
| 177 | വ്യക്തിഗത ഗാർഹിക ശൗചാലയ നിർമ്മാണം | 385000 | 215600 | VEO |
| 216 | പഞ്ചായത്തിലെ വിവധ സ്ഥലങ്ങളിൽ മിനി എംസിഎഫ് | 1032500 | 484775 | AE |

**2022-23 വർഷം**

| പ്രോജക്റ്റ് നം. | പേര് | അടങ്കൽ | ചെലവ് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 18 | വ്യക്തിഗത ഗാർഹിക ശൗചാലയം | 520000 | 323400 | VEO |
| 49 | വ്യക്തിഗത ഗാർഹിക ശൗചാലയ നിർമ്മാണം | 169400 | 46200 | VEO |
| 66 | കുമ്പഡാജെ പഞ്ചായത്തിലെ | 22158 | 69877 | AE |

| | | | | |
|---|---|---|---|---|
| | അംഗൻവാടികളിൽ പുതിയ ശിശു സൗഹൃത ടോയിലറ്റും നിലവിലുള്ള അംഗൻവാടി ടോയിലറ്റ് നവീകരണവും | | | |
| 83 | മാർപ്പനടുക്ക ടൗണിലെ ടോയിലറ്റ് അഭിവൃദ്ധിപ്പെടുത്തൽ | 300000 | 161124 | AE |
| 48 | ഹരിതകർമ്മസേനക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് | 23127 | 23100 | VEO |
| 51 | ഹരിതകർമ്മസേന അജൈവ മാലിന്യങ്ങൾ എംസിഎഫിൽ എത്തിക്കുന്നതിനുള്ള ഗതാഗത ചെലവും ഉപകരണങ്ങൾ വാങ്ങലും | 55000 | 54379 | VEO |
| 87 | പഞ്ചായത്തിലെ വിവധ സ്ഥലങ്ങളിൽ മിനി എംസിഎഫ് | 547725 | 439925 | AE |
| 135 | ഹരിത കർമ്മസേന ശേഖരിച്ച അജൈവ മാലിന്യങ്ങൾ എംസിഎഫിലേക്ക് എത്തിക്കുന്നതിനുള്ള വാഹനവാടക | 38000 | 17700 | VEO |
| 142 | കുമ്പഡാജെ പഞ്ചായത്ത് ഓഫീസിലേക്കും പിഎച്ച്സി യിലേക്കും സോക്ക് പിറ്റും കമ്പോസ്റ്റ് പിറ്റും സ്ഥാപിക്കൽ | 50000 | 45234 | AE |
| 220 | ക്ലീൻകേരള കമ്പനിക്ക് അജൈവമാലിന്യം നീക്കം ചെയ്യുന്നതിനുള്ള തുക നല്കൽ | 53926 | 53926 | Secretary |
| 65 | എംസിഎഫ് അനുബന്ധ സൗകര്യം ഏർപ്പെടുത്തൽ | 320000 | 110760 | AE |
| 88 | നടുവങ്കടി ശ്മശാനത്തിന് അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 961800 | 45977 | AE |

**2023-24 വർഷം**

| പ്രോജക്ട് നം. | പേര് | അടങ്കൽ | ചെലവ് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 144 | വ്യക്തിഗത ഗാർഹിക ശൗചാലയം | 196600 | 61600 | VEO |
| 154 | ചക്കടൽ,പേരാംതൊട്ടി,ബെളിഞ്ച എന്നീ അംഗനവാടികൾക്ക് പുതിയ ശിശു സൗഹൃദ ടോയിലറ്റും നിലവിലെഅംഗനവാടികളിലെ ടോയിലറ്റ് ശിശുസൗഹൃതമാക്കൽ | 1014500 | 479665 | AE |
| 27 | കിച്ചൻവേസ്റ്റ് ഡൈജസ്റ്റർ | 727552 | 395010 | VEO |
| 113 | ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് | 50805 | 5538 | VEO |
| 146 | ഹരിതകർമ്മസേന ശേഖരിച്ച | 20300 | 11670 | VEO |

| | | | | |
|---|---|---|---|---|
| | അജൈവ മാലിന്യങ്ങൾ എംസിഎഫിലേക്ക് എത്തിക്കുന്നതിനുള്ള വാഹനവാടക | | | |
| 211 | ഹരിതകർമ്മ സേനയ്ക്ക് വാഹന വാടക | 70000 | 55830 | VEO |
| 218 | മാലിന്യം നീക്കം ചെയ്യതിന് തുക നല്കൽ | 45000 | 44100 | Secretary |
| 219 | ഹരിതകർമ്മ സേനയ്ക്ക് സുരക്ഷാ ഉപകരണങ്ങൾ നല്കൽ | 30000 | 7400 | VEO |

**മോണിട്ടറിംഗ്.**

ഗ്രാമപഞ്ചായത്ത് മെമ്പർമാർ, ഹരിതകർമ്മ സേനയുടെ ഉത്തരവാദിത്വം കൈയാളുന്ന അസി.സെക്രട്ടറി, വി.ഇ.ഒ, മറ്റ് പഞ്ചായത്ത് ഉദ്യോഗസ്ഥർ എന്നിവരുടെ മേൽനോട്ടം വളരെ കുറവാണ് എന്നാണ് പരിശോധനയുടെ ഭാഗമായി കണ്ടെത്തിയിട്ടുള്ളത്. അതുപോലെ എൻഫോഴ്സ്മെന്റ് സ്ക്വാഡ് പ്രവർത്തനം ഇല്ല എന്നാണ് മനസ്സിലാക്കുന്നത്. നിരോധിത പ്ലാസ്റ്റിക്ക് ഉപയോഗം, മാലിന്യം വലിച്ചെറിയൽ എന്നിവ കണ്ടെത്തി ഫൈൻ ഈടാക്കേണ്ടതുണ്ട്. 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പ്രകാരം വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കുന്ന കാലയളവിൽ അപേക്ഷകരിൽ നിന്ന് 30 മൈക്രോണിൽ അധികരിക്കുന്ന പ്ലാസ്റ്റിക് ക്യാരി ബാഗുകൾ ഉപയോഗിക്കുന്നില്ലെന്ന് സമ്മതപത്രം എഴുതി വാങ്ങാറുണ്ട്. പ്ലാസ്റ്റിക് ഉപയോഗം, മാലിന്യം വലിച്ചെറിയൽ എന്നിവ സംബന്ധമായി പിഴ ഇതുവരെ ഈടാക്കാത്തത് ഗൗരവമായി കാണുന്നു. എൻഫോഴ്സ്മെന്റ് സ്ക്വാഡ് പ്രവർത്തനം ഊർജ്ജിതമാക്കി ഇത്തരം വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ച് ഹരിതകർമ്മസേനയുടെ പ്രവർത്തനം സുഗമമാക്കേണ്ടതാണ്.

അടിസ്ഥാന വിവരങ്ങൾ

1.കെട്ടിടങ്ങൾ

| | |
|---|---|
| ആകെ വാർഡ് | 13 |
| റസിഡെൻഷ്യൽ | 5002 |
| നോൺ റസിഡെൻഷ്യൽ | 1270 |
| ആകെ കെട്ടിടങ്ങൾ | 6272 |

2)സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പൂർത്തീകരിച്ചതിന്റെ വിശദാംശം

| ആകെ കെട്ടിടങ്ങൾ - 6272 | |
|---|---|
| നിലവിലെ ഡിമാന്റ് പ്രകാരം | |
| QR കോഡ് പതിച്ചവ | സബ്സ്ക്രൈബ് ചെയ്തവ |
| 3860 | 3860 |

ഹരിതകർമ്മസേനക്ക് നിലവിലെ പരിമിതികൾ മൂലം ക്ലീൻ കേരളാ കമ്പനിയുടെ കലണ്ടർ പ്രകാരം മാലിന്യങ്ങൾ ശേഖരിക്കാൻ കഴിയുന്നില്ല. 11-ാം വാർഡിൽ മാർപ്പനടുക്കയിലാണ് നിലവിൽ ഗ്രാമപഞ്ചായത്ത് MCF ഉള്ളത്. 25 മിനി MCFകൾ ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ശേഷി വളരെ കുറവാണ്. കൂടുതൽ മിനി MCFകൾ സ്ഥാപിച്ച് മാലിന്യ ശേഖരണം കാര്യക്ഷമമാക്കണം. എങ്കിലും പരമാവധി വാർഡുകളിലെ ഭവനങ്ങളിൽ നിന്നും വ്യാപാരസ്ഥാപനങ്ങളിൽ നിന്നും പുറന്തള്ളുന്ന നിത്യജീവിതത്തിന്റെ ഭാഗമായ എല്ലാ അജൈവമാലിന്യങ്ങളും എല്ലാമാസവും ശേഖരിക്കുന്നു. എല്ലാ സ്ഥാപനങ്ങളെയും ഭവനങ്ങളെയും ഹരിതകർമ്മസേനയുടെ പരിധിയിൽ കൊണ്ടുവരാൻ പറ്റാത്തത് ഒരു പോരായ്മയാണ്.

3) മാലിന്യ വേർതിരിവ് പാലിക്കൽ

നിലവിൽ ചെറിയ രീതിയിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ ഹരിതകർമ്മസേനാ വാഹനത്തിൽ ആദ്യം

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി സ്ഥിതിചെയ്യുന്ന മിനി എം.സി.എഫുകളിലേക്കും അവിടെ നിന്ന് MCF ലേക്കും എത്തിക്കുന്നു. ക്ലീൻ കേരളാ കമ്പനിക്ക് മാലിന്യം കൈമാറിവരുന്നുണ്ട്.2023-24 വർഷം 4410 കി.ഗ്രാം മാലിന്യം ക്ലീൻ കേരളാ കമ്പനിക്ക് കൈമാറിയിട്ടുണ്ട്.

4) റീസൈക്ലിംഗ്.

പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ലാൻഡ്ഫില്ലുകളിൽ (പാതയോരങ്ങളിലും പൊതു ഇടങ്ങളിലും വഴിയോരത്ത് സ്ഥാപിച്ചിട്ടുള്ള ബിന്നുകൾ ,ജല സ്രോതസ്സുകൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന മിക്സഡ്/ലെഗസി മാലിന്യം)നിന്നും ലഭിക്കുന്ന മാലിന്യം MCFൽ എത്തിച്ച് സെഗ്രിഗേറ്റ് ചെയ്ത് പ്രോസസ് ചെയ്യണം. നിലവിൽ ഇത്തരം റീസൈക്ലിംഗ് പ്രോസസ് നടപ്പാക്കുന്നില്ല.

5) കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണം, അജൈവ മാലിന്യം ശേഖരിച്ച് സംഭരിച്ച് റീസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യൽ എന്നിവ ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. അതിനായി മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കേണ്ടത് അത്യാവശ്യമാണ്. എന്നാൽ ഇതു സംബന്ധിച്ച ബോധവൽക്കരണത്തിനായി ഗ്രാമപഞ്ചായത്തോ ഹരിതകർമ്മസേനയോ നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6) അടിസ്ഥാന സൗകര്യ വികസനം

അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മാലിന്യശേഖരണത്തിനും സംസ്കരണത്തിനും വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. നിലവിലെ MCF ന് വിസ്തൃതി കുറവാണ്. അത് വികസിപ്പിച്ച് കൂടുതൽ സ്ഥലസൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

7)പാരിസ്ഥിതിക ആഘാതം

ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ എല്ലാ വാർഡുകളിൽ നിന്നും മാലിന്യം ശേഖരിച്ച് താല്ക്കാലിക MCFൽ എത്തിക്കുകയും അവിടെ വച്ച് സെഗ്രിഗേറ്റ് ചെയ്യുകയും ചെയ്തു വരുന്നു. മാലിന്യം തള്ളുന്നതോ അനധികൃതമായി തള്ളുന്നതോ ആയ സംഭവങ്ങൾ, നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെ ഉപയോഗം തടയൽ/ പൊതു നിരത്തുകളിൽ മാലിന്യങ്ങൾ തള്ളുന്നത് തടയൽ എന്നിവയുമായി ബന്ധപ്പെട്ട് ഹരിത കർമ്മ സേന, ഗ്രാമപഞ്ചായത്ത് എന്നിവയ്ക്ക് പരാതികൾ ലഭ്യമായിട്ടില്ല. മാലിന്യം തള്ളുന്ന സംഭവങ്ങൾ കണ്ടെത്തിയാൽ പരാതി ഉടൻ അറിയിക്കാൻ ജനങ്ങളെ ബോധവൽക്കരിക്കേണ്ടത് അത്യാവശ്യമാണ്.

8) പരിശീലനവും വികസനവും

ഹരിതകർമ്മസേനാംഗങ്ങൾക്ക് കുടുംബശ്രീ മുഖേന പരിശീലനങ്ങൾ നല്കിയിട്ടുണ്ട്.

9) നിയമങ്ങൾ പാലിക്കൽ

മാലിന്യനിർമ്മാർജ്ജനം, ശുചീകരണം എന്നിവ സംബന്ധിച്ച നിയമങ്ങൾ ജനങ്ങളെ ബോധവല്ക്കരിക്കുന്നതിന് ബോധവല്ക്കരണ ക്ലാസുകളും സെമിനാറുകളും നടത്തിയിട്ടുണ്ട്. നോട്ടീസുകൾ, ബ്രോഷറുകൾ മുതലായവ വഴിയും പ്രചാരണം നടത്തിയിട്ടുണ്ട്.

**നിലവിൽ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ.**

എ) സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - പദ്ധതി പൂർത്തിയായില്ല-മാലിന്യ ശേഖരണ-നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ സ്മാർട്ട് ഗാർബേജ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ക്യൂ.ആർ കോഡ് പതിക്കൽ പ്രവൃത്തി ഇതുവരെ പൂർത്തിയായിട്ടില്ലാത്തതിനാൽ സ്മാർട്ട് ഗാർബേജ് പദ്ധതിയും ഹരിതമിത്രം ആപ്പും പൂർണ്ണ സജ്ജമല്ല.

ബി) ശേഖരിച്ച മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ നീക്കംചെയ്യപ്പെടുന്നില്ല.

സി) സുസ്ഥിരമായ മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനുള്ള

പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. നൂതനമായ മാലിന്യ സംസ്കരണ രീതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് ഹരിതകർമ സേനയ്ക്ക് പരിശീനം നൽകേണ്ടതും അവരെ സാമ്പത്തികമായി സ്വയംപര്യാപ്തമാക്കുന്നതിനായി സംരംഭങ്ങൾ തുടങ്ങുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്ക് സഹായം ചെയ്തു നൽകേണ്ടതുമാണ്.

ഡി) അജൈവമാലിന്യ സംസ്കരണത്തോടൊപ്പം ജൈവമാലിന്യ സംസ്കരണമേഖലയിലേക്കും ഹരിതകർമ്മസേനയുടെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

ഗ്രാമപഞ്ചായത്തിൽ കൃത്യമായ ഇടവേളകളിൽ മാലിന്യം ശേഖരിക്കുക, വാർഡുകൾ തോറും കൂടുതൽ മിനി എം.സി.എഫുകൾ സ്ഥാപിക്കുക, മാലിന്യം യഥാസമയം എം.സി.എഫുകളിൽ എത്തിക്കുന്നതിനും അവിടെ നിന്ന് നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിക്കുക എന്നിവ നടപ്പിലാക്കേണ്ടത് അജൈവ മാലിന്യങ്ങളുടെ സംസ്കരണം കാര്യക്ഷമമാക്കുന്നതിന് അനിവാര്യമാണ്.

1.ഹരിതകർമ്മ സേന ശേഖരിക്കുന്ന മാലിന്യം സംഭരിക്കുന്നതിനും സെഗ്രിഗേറ്റ് ചെയ്യുന്നതിനുമുള്ള എല്ലാ വിധ സൗകര്യങ്ങളോടും കൂടിയ ഒരു മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി (എം.സി.എഫ്) ഗ്രാമപഞ്ചായത്ത് പ്രവർത്തനക്ഷമമാക്കേണ്ടതാണ്. കൂടാതെ വീടുകളിൽ നിന്ന് ശേഖരിക്കുന്ന അജൈവമാലിന്യം താൽക്കാലികമായി സംഭരിക്കുന്നതിനാവശ്യമായ മിനി എം.സി.എഫ് സൗകര്യം പരമാവധി സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കേണ്ടതാണ്.

2.സ്മാർട്ട്ഗാർബേജ് പദ്ധതിയുടെ ഭാഗമായുള്ള ക്യൂ.ആർ കോഡ് പതിക്കൽ അടിയന്തിരമായി പൂർത്തിയാക്കി, ഹരിതമിത്രം ആപ്പ് പൂർണ്ണസജ്ജമാക്കി യൂസർ ഫീ പിരിവ് 100% എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.ഹരിത കർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ വച്ചു തന്നെ വേർതിരിച്ച് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. റിജക്റ്റഡ് മാലിന്യത്തിന് അവയുടെ തൂക്കത്തിനനുസരിച്ചുള്ള വില ഈടാക്കാവുന്നതും അതുവഴി അവ കയ്യൊഴിയുന്നതിനായി ഗ്രാമപഞ്ചായത്തിന് ഏറ്റെടുക്കേണ്ടി വരുന്ന വലിയ ബാദ്ധ്യത ഒഴിവാക്കാവുന്നതുമാണ്.

4.സുസ്ഥിരമായ മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

5.നൂതനമായ മാലിന്യ സംസ്കരണ രീതികൾ നടപ്പാക്കുന്നത് സംബന്ധിച്ച ഹരിതകർമമ സേനയ്ക്ക് പരിശീനം നൽകേണ്ടതും അവരെ സാമ്പത്തികമായി സ്വയംപര്യാപ്തമാക്കുന്നതിനായി സംരംഭങ്ങൾ തുടങ്ങുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്ക് സഹായം ചെയ്തു നൽകേണ്ടതുമാണ്.

6.അജൈവമാലിന്യ സംസ്കരണത്തോടൊപ്പം ജൈവമാലിന്യ സംസ്കരണമേഖയിലേക്കും ഹരിതകർമ്മസേനയുടെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതാണ്.

ഇപ്രകാരം നടപടികൾ സ്വീകരിച്ച് മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതാണ്.

### 1-11 രശീത് ബുക്കിലെ അപാകത

നികുതി പിരിവിന് വേണ്ടി ശ്രീ അഷറഫ്, ക്ലാർക്കിന് നല്കിയ രശീത് ബുക്കുകളിലെ ചില പേജുകൾ വ്യക്തമായ കാരണമില്ലാതെ റദ്ദാക്കിയതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | രശീതി ബുക്ക് നം. | പേജ് നം |
|---|---|---|
| 1 | 26642 | 39,40,41,67 |
| 2 | 26640 | 23,38,43,61,62,86,87,88 |
| 3 | 26638 | 46,47,48,49,50,90,91 |
| 4 | 26645 | 18,19 |

കൂടാതെ, 26648 നം. രശീതി ബുക്ക് 29ാം നം. വരെ മാത്രമേ ഉപയോഗിച്ച് കാണുന്നുള്ളൂ. ഉപയോഗിക്കാത്ത 30 മുതൽ 100 വരെയുള്ള പേജ് നമ്പറുകൾ റദ്ദാക്കിയതായി കാണുന്നില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്, പുതിയ രശീതി ബുക്കുകളിൽ അസ്സലും കോപ്പിയും ഒരേ നിറത്തിലുള്ള പേജുകൾ ആയതിനാൽ കാർബൺ തെറ്റായി അടുത്ത പേജിൽ പതിഞ്ഞതിനാലാണ് അപ്രകാരം സംഭവിച്ചതെന്ന് മറുപടി നല്കിയിട്ടുണ്ട്. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.4/29-10-2024.

**1-12 ലൈസൻസ് ഫീ-ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല.**

